**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** — **29-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | 08/01/2020-ലെ സ.ഉ.(എം.എസ്) 08/2020/വ്യവ പ്രകാരം ഹയർ പർച്ചേസ് വ്യവസ്ഥയിലാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ വ്യവസായ സംരംഭങ്ങൾക്കായി ഭൂമി അനുവദിക്കുന്നത്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര സിഡ്കോ കെ.എസ്.ഐ.ഡി.സി എന്നിവയ്ക്ക് 30 വർഷത്തെ പാട്ടവ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ചു നൽകുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തികൊണ്ടുള്ള Unified Land Lease Policy പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ പാർക്കുകളിലെ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനായി രൂപീകരിച്ചിട്ടുള്ള ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി വഴി ഭൂമി അലോട്ട് ചെയ്തു വരുന്നു. ഭൂമി കൂടുതൽ സുതാര്യവും വേഗതയിലും ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് വഴി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുബന്ധ ലൈസൻസുകൾ ലഘൂകരിക്കുകയും ഓൺലൈൻ സംവിധാനം വഴി സമയബന്ധിതമായി ലഭിക്കുന്നതിനുള്ള പോർട്ടൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം കൂടുതൽ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി അനുബന്ധ അനുമതികൾ ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സൂക്ഷ്മ ചെറുകിട |

| | | | |
|---|---|---|---|
| | | | ഇടത്തരം മേഖലയുടെ വളർച്ച ലക്ഷ്യമാക്കി എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് 2019 നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഭൂമി കൂടുതൽ സുതാര്യമായും വേഗതയിലും ലഭ്യമാക്കുന്നതിന് പ്രസ്തുത വ്യവസ്ഥകളിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 08/01/2020-ലെ സ.ഉ.(എം.എസ്) 08/2020/വ്യവ പ്രകാരം ഹയർ പർച്ചേസ് വ്യവസ്ഥയിലാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ വ്യവസായ സംരംഭങ്ങൾക്കായി ഭൂമി അനുവദിക്കുന്നത്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര സിഡ്കോ കെ.എസ്.ഐ.ഡി.സി എന്നിവയ്ക്ക് 30 വർഷത്തെ പാട്ടവ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ചു നൽകുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തികൊണ്ടുള്ള Unified Land Lease Policy പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ പാർക്കുകളിലെ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനായി രൂപീകരിച്ചിട്ടുള്ള ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി വഴി ഭൂമി അലോട്ട് ചെയ്തു വരുന്നു. ഭൂമി കൂടുതൽ സുതാര്യവും വേഗതയിലും ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് വഴി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുബന്ധ ലൈസൻസുകൾ ലഘൂകരിക്കുകയും ഓൺലൈൻ സംവിധാനം വഴി സമയബന്ധിതമായി ലഭിക്കുന്നതിനുള്ള പോർട്ടൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം കൂടുതൽ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി അനുബന്ധ അനുമതികൾ ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയുടെ വളർച്ച ലക്ഷ്യമാക്കി എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് 2019 നടപ്പാക്കിയിട്ടുണ്ട്. |
| (സി) | വ്യവസായ സംരംഭത്തിന് അനുവദിച്ച ഭൂമിയിൽ ആവശ്യത്തിലധികമുള്ളതും സ്ഥാപനം പ്രവർത്തനരഹിതമായതിനെ തുടർന്ന് ഉപയോഗശൂന്യമായതും കണ്ടെത്തി പുതിയ സംരംഭകർക്ക് നൽകുന്നതിന് ആലോചിക്കുന്നുണ്ടോ; | (സി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ ഭൂമിയിൽ സംരംഭകർക്ക് അനുവദിച്ചതിന്റെ മിച്ചം വരുന്ന ഭൂമിയും കൂടാതെ ഭൂമി അനുവദിച്ചിട്ടും സംരംഭം തുടങ്ങാത്തവരുടെയും പ്രവർത്തനരഹിതമായ സംരംഭങ്ങളുടെയും ഭൂമിയും തിരിച്ചെടുത്ത് പുതിയ സംരംഭകർക്ക് അനുവദിച്ചു നൽകുന്നുണ്ട്. |
| (ഡി) | സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും | (ഡി) | വ്യവസായ ഭൂമിയ്ക്കായി വ്യവസായ വാണിജ്യ |

| | | | |
|---|---|---|---|
| | സംരംഭം തുടങ്ങാൻ ഭൂമി ലഭ്യമാക്കുന്നതുപോലെ സഹകരണ സംഘങ്ങൾക്കും സംരംഭങ്ങൾ തുടങ്ങുന്നതിന് ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | | ഡയറക്ടറേറ്റിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം സഹകരണ സംഘങ്ങൾക്കും ഭൂമി അനുവദിക്കാവുന്നതാണ്. നിലവിൽ സിഡ്കോ, കിൻഫ്ര എന്നീ സ്ഥാപനങ്ങൾ സഹകരണ സംഘങ്ങൾക്കും ഭൂമി അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ